# ഫെർഡിനന്റ് ഡി സൊസ്യൂറിന്റെ

# കോഴ്സ് ഇൻ ജനറൽ ലിംഗ്വിസ്റ്റിക്സ് ആമുഖത്തിൽ നിന്ന്

വിവർത്തനം : സുചേത ശങ്കർ വി.

## പാഠം 3 : ഭാഷാശാസ്ത്രത്തിന്റെ ലക്ഷ്യം

സംസാരത്തിന്റെ വസ്തുതകളിൽ ഭാഷയുടെ സ്ഥാനം ഭാഷയുടെ ചില സവിശേഷതകളാണ് താഴെ സംഗ്രഹിച്ചിരിക്കുന്നത് .

1. ബഹുവൈപരീത്യ സ്വഭാവമുള്ള ഉച്ചാരണ വസ്തുക്കളും കൂട്ടത്തിൽ ആഴത്തിൽ നിർവചിച്ചിട്ടുള്ള ഒരു വസ്തുവാണ് ഭാഷ.കേൾവിയിൽ നിന്നും ഉടലെടുക്കുന്ന ബിംബങ്ങളെ സങ്കൽപ്പങ്ങളുമായ് കൂട്ടിയോജിപ്പിക്കുന്ന സംസാര-സർക്ക്യൂട്ടിന്റെ ചുരുങ്ങിയ പ്രവർത്തന പരിധിക്കുള്ളിൽ ഇതിനെ ഉറപ്പിക്കുവാനും .ഒരുക്കലും കേവലം വ്യക്തിയാൽ മാത്രം രചിക്കപ്പെടാനോ മാറ്റപ്പെടാനോ ആകാതെ, അവനിൽ നിന്നും മാറി സ്ഥിതി ചെയ്യുന്ന ഭാഷ , സംസാരത്തിന്റെ സാമൂഹിക വശമാണ് .ഇത് സമൂഹത്തിൽ രൂപപ്പെട്ടുവരുന്ന ഒരു കരാറിന്റെ അടിസ്ഥാനത്തിൽ മാത്രം നിലകൊള്ളുന്ന ഒന്നാണ്. മാത്രമല്ല , പരിശീലനത്തിലൂടെ മാത്രമേ ഒരു വ്യക്തിയ്ക്ക് ഭാഷയുടെ പ്രവർത്തനമുറകൾ പഠിക്കുവാൻ കഴിയുകയുള്ളു . അനുക്രമമായ രീതിയാണ് ഒരു കുട്ടി ഭാഷയെ സ്വാശീകരിക്കുന്നത്. സംസാരശേഷിയില്ലാത്തവനും എങ്കിൽ വാചിക ചിഹ്നങ്ങൾ വ്യാഖ്യാനിക്കുവാൻ പ്രാപ്തനമായ ഒരു വ്യക്തിയിൽ ഭാഷ നിലനിൽക്കുന്നു എന്നത് ഭാഷയുടെ ഈ അതുല്യമായ വശത്തെ സൂചിപ്പിക്കുന്നു.

   മൊഴിയെ പഠനവിധേയമാക്കുവാൻ സാധിക്കയില്ലെങ്കിലും, ഭാഷയെ ഒറ്റതിരിച്ചു പഠിക്കുവാൻ സാധിക്കും

2. മരണപ്പെട്ട ഭാഷകൾ നിലവിൽ സംസാരിക്കപ്പെടുന്നില്ല എന്നാലും അവയുടെ ഭാഷാപരമായ ഘടന നമ്മൾക്ക് വളരെ

എളുപ്പത്തിൽ ഉൾക്കൊള്ളുവാനാകും. സംസാരത്തെ നിർണ്ണയിക്കുന്ന മറ്റു ഘടകാംശങ്ങൾ നമ്മുക്ക് ഒഴിവാക്കാം ; ഭാഷയുടെ ശാസ്ത്രം സംഭാവ്യമാകണമെങ്കിൽ തീർച്ചയായും സംസാരത്തിന്റെ ഇതര ഘടകാംശങ്ങളളെ മാറ്റി നിർത്തേണ്ടതാണ്

3. സംസാരം ബഹുവൈപരീത്യ സ്വഭാവമുള്ള ഒന്നാണെന്നിരിക്കെ തന്നെ,ഭാഷയുടെ സ്വഭാവം ഏകജാതീയമാണ്. ശബ്ദബിംബങ്ങളുടെയും അർത്ഥങ്ങളുടെയും ഏകീകരണം ആധാരമാക്കി പ്രവർത്തിക്കുന്ന ചിഹ്നങ്ങളുടെ വ്യവസ്ഥയാണ് ഭാഷ. ഇതിനുള്ളിൽ പ്രവർത്തിച്ചുവരുന്ന ചിഹ്നങ്ങളുടെ ഇരുതലങ്ങളും മനശാസ്ത്രപരമാണ്.

4. ഭാഷ,സംസാരത്തിൽ നിന്നും ഒട്ടും കുറയാതെ/ സംസാരത്തെപ്പോലെ തന്നെ,മൂർത്തമാണ്. ഭാഷയെക്കുറിച്ച് പഠിക്കുവാൻ നമ്മെ സഹായിക്കുന്നത് ഈ വിശേഷഗുണമാണ്. ഭാഷാചിഹ്നങ്ങൾ, അടിസ്ഥാനപരമായ് മന:ശാസ്ത്രപരമാണെങ്കിലും, സംക്ഷിപ്തമല്ല. സാമൂഹികാംഗീകാരമുള്ള/ സമഷ്ടിതാംഗീകാരമുള്ള ആർജ്ജനങ്ങൾ [Associations] ഒത്തുചേരലിൽ കൂടി ഭാഷയെ നിർണയിക്കുകയും മെനഞ്ഞെടുക്കുകയും ചെയ്യുന്നവ –തലച്ചോർ ഇരിപ്പിടമാക്കി യാഥാർത്ഥ്യങ്ങളാകുന്ന . അവ സ്പർശനീയങ്ങളാണ് ; അവയെ പരമ്പരാഗതമായ എഴുത്തു ചിഹ്നങ്ങളിലേക്ക് ചരുക്കുവാൻ സാധിക്കും ,എന്നാൽ സംസാരക്രിയകളും വിശദമായ ഫോട്ടോഗ്രാഫുകൾ തരപ്പെടുത്തുക അസാധ്യമാണ് താനും ; ഏതു ചെറുവാക്കിന്റെ ഉച്ചാരണവും അപരിമിതമായ തോതിൽ മാംസപേശികളുടെ ചലനങ്ങൾ സൃഷ്ടിക്കുന്നു.ഇവ തരം തിരിച്ചു തിരിച്ചറിയുക എന്നതും ചിത്രിത രൂപത്തലാക്കുകയെന്നതും വരെ ആയാസപ്പെട്ട ജോലിയാണ്. ഭാഷയുടെ ശബ്ദബിംബങ്ങളെയാകട്ടെ തീർച്ചപ്പെടുത്തിയ കാഴ്ചബിംബങ്ങളായ് തർജ്ജിമ ചെയ്യുവാനുമാകും. എന്തെന്നുവച്ചാൽ, ഓരോ ശബ്ദബിംബങ്ങളും, അവയുടെ സാക്ഷാത്കാരത്തിനു വേണ്ടിയുള്ള ചലനങ്ങളെ നിരാകരിച്ചു കഴിഞ്ഞാൽ, പരിമിതമായ ഘടകാംശങ്ങളുടെ അല്ലെങ്കിൽ

ഫൊനീമുകളുടെ [Phonemes] കാണുവാനാകും ഫൊനീമുകളാകട്ടെ അനുബന്ധിതമായ ലിഖിത ചിഹ്നങ്ങളിലൂടെ സൂചിപ്പിക്കപ്പെടുന്നവയാണ്.ഭാഷയുമായ് സംബന്ധിക്കുന്ന കാര്യങ്ങൾ ചിത്രിത രൂപത്തിലേക്ക് മാറ്റുവാൻ സാധിക്കും എന്നത് കാരണമാണ് നിഘണ്ടുകളും വ്യാകരണങ്ങളും സാധ്യമാകുന്നത് .ഭാഷയെന്നാൽ ശബ്ദബിംബങ്ങളുടെ ഒരു കലവറയാണ് ,എഴുത്ത് എന്നത് ഈ ബിംബങ്ങളുടെ സ്പർശനീയ രൂപവും .

5. മനുഷ്യവസ്തുതകളിൽ ഭാഷയുടെ സ്ഥാനം :സെമിയോളജി ഭാഷയുടെ വളരെയേറെ പ്രാധാന്യമുള്ള മറ്റൊരു സവിശേഷ ഗുണം കൂടി.മുകളിൽ വിസ്തരിച്ചിരിക്കുന്ന സവിശേഷകൾ വെളിപ്പെടുത്തുന്നു.ഭാഷയുടെ അതിർവരമ്പുകൾ സംസാരത്തിന്റെ ഡേറ്റയിലൂടെ തീർത്തുകഴിഞ്ഞാൽ പിന്നെ ഭാഷ മാനുഷിക പ്രതിഭാസങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുവാൻ കഴിയും. എന്നാൽ സംസാരത്തെ പട്ടികയിൽ അങ്ങനെ പറ്റില്ല.

ഭാഷ ഒരു സാമൂഹികസ്ഥാപനമാണ് എന്നതാണ് നാം കണ്ടുവരുന്നത് ; എന്നാൽ രാഷ്ട്രീയ-നിയമ സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്ന ഏതാനം സവിശേഷത ഭാഷയ്ക്കുണ്ട് താനും .ചില പുതിയ വസ്തുതകൾ പരിഗണിച്ചുകൊണ്ടു വേണം ഭാഷയുടെ പ്രത്യേക പ്രകൃതത്തെക്കുറിച്ചു പഠിക്കുവാൻ.

ഭാഷയെന്നത് ചിഹ്നങ്ങളുടെ വ്യവസ്ഥയാണ് എന്നതിനാൽ ഇതിനെ എഴുത്ത് എന്ന വ്യവസ്ഥയോടും ബധിര-മൂകർ ഉപയോഗിക്കുന്ന ലിപികളോടും ,സൈനിക അടയാളങ്ങളോടും ഉപമിക്കുവാനാകും .പക്ഷേ ,ഈ വ്യവസ്ഥകളുടെ ഇടയിൽ ഏറ്റവും പ്രാധാന്യമേറിയതും ഭാഷ തന്നെയാണ്.സാമൂഹമധ്യേ ചിഹ്നങ്ങളുടെ 'ജീവിതം' പഠിക്കുന്ന ശാസ്ത്രം സംഭാവമാണ് /ധരണീയമാണ്. ഇങ്ങനെയുള്ളൊരു ശാസ്ത്രം സമൂഹമന:ശാസ്ത്രത്തിന്റെയും അതിനാൽ തന്നെ പൊതുവായുള്ള മനശാസ്ത്രത്തിന്റെയും ഭാഗമായിരിക്കും .ഇതിനെ സെമിയോളജിയെന്ന് ഞാൻ നാമകരണം ചെയ്യുന്നു. (ഗ്രീക്ക semeion-ൽ നിന്നും ,'sign). സെമിയേളജി ചിഹ്നങ്ങളുടെ രൂപവൽക്കരണവും അവയെ നിയന്ത്രിക്കുന്ന നിയമങ്ങളും വ്യക്തമാക്കുന്നു.ഇത്തരത്തിൽ ഒരു

ശാസ്ത്രം ഇന്ന നിലവില്ലാത്തതു കൊണ്ടു തന്നെ, അത് എന്തായിരിക്കും എന്ന് ആർക്കും പ്രവചിക്കാനാകുകയില്ല ; എന്നാൽ അതിന് നിലകൊള്ളുവാനും അതിന്റേതായ ഒരിടം മുൻകൂറായ് നേടിയെടുക്കുവാനുമുള്ള അവകാശമുണ്ട്.സെമിയോളജിയെന്ന പൊതുശാസ്ത്രത്തിന്റെ ഭാഗം മാത്രമാണ് ഭാഷാശാസ്ത്രം; സെമിയോളജിയിലൂടെ കണ്ടെത്തുന്ന നിയമങ്ങൾ ശാസ്ത്രത്തിനും ബാധകമാണ്. നരവംശശാസ്ത്രപരമായ വസ്തുതകളുടെ കൂട്ടത്തിൽ ആഴത്തിൽ നിർവചിട്ടുള്ള ഒരു മേഖലയാണ് ഭാഷാശാസ്ത്രം ക്ലിപ്തപ്പെടുത്തുക

സെമിയോളജിയുടെ കൃത്യമായ സ്ഥാനം തിട്ടപ്പെടുത്തുക എന്നത് മന; ശാസ്ത്രജ്ഞന്റെ കർത്തവ്യമാണ്.സെമിയോളജിയിൽ നിന്നും ലഭിക്കുന്ന ഡേറ്റയുടെ കൂട്ടത്തിൽ എന്തു കൊണ്ട് ഭാഷയൊരു വിശിഷ്ട വ്യവസ്ഥയാകുന്നു എന്ന അന്വേഷണമാണ് ഭാഷാശാസ്ത്രജ്ഞന്റെ കർത്തവ്യം.ഇതിലേക്ക് പിന്നീട് തിരിച്ചുവരാം ; ഒരു കാര്യത്തിലേക്കു ശ്രദ്ധ ക്ഷണിക്കുവാൻ മാത്രം ഞാൻ ആഗ്രഹിക്കുന്നു :മറ്റു ശാസ്ത്രങ്ങളുടെ ഇടയിൽ ഭാഷാശാസ്ത്രത്തിനു സ്ഥാനം കൽപ്പിക്കുവാൻ എനിക്കു സാധിച്ചുവെങ്കിൽ ,അത് ഭാഷാശാസ്ത്രത്തെ സെമിയോളജിയുമായി ബന്ധപ്പെടുത്തിയതു കൊണ്ടു മാത്രമാണ്.

മറ്റു ശാസ്ത്രങ്ങൾ പോലെ തന്നെ സ്വന്തമായ ഗവേഷണവിഷയമുള്ള സ്വതന്ത്രശാസ്ത്രമായ് എന്തുകൊണ്ട് സെമിയോളജി അംഗീകരിക്കപ്പെടുന്നില്ല ?ഈ ചോദ്യത്തിനു തീർപ്പു നൽകുവാൻ ഭാഷാഷാശാസ്ത്രജ്ഞർക്കായിട്ടില്ല:സെമിയോളജിയുടെ പഠനപ്രശ്നം മനസ്സിലാക്കുന്നതിന്. മറ്റെന്തിനെക്കാളും മികവിറ്റ രീതിയിൽ അടിസ്ഥാനമൊരുക്കുന്നത് ഭാഷയാണ് .ഭാഷ സ്വയം പഠനവിധേയമാക്കേണ്ടതാണ് / പഠിക്കേണ്ടതാണ്.മറ്റു പലതുമായ് ബന്ധപ്പെടുത്തിയും,മറ്റു വീക്ഷണങ്ങളിലൂടെയും മാത്രമേ ഭാഷയെ ഇതുവരെ പഠിച്ചിട്ടുള്ളൂ.

ഏറ്റവും മുന്നിൽ തന്നെ, പൊതുജനം എന്ന ഉപരിപ്ലവമായ ആശയമുണ്ട് :ഭാഷയെന്നതിലൂടെ കേവലം നാമകരണത്തിനായുള്ള

ഒരു വ്യവസ്ഥ മാത്രമാണ് ജനം കാണുന്നത്.ആയതിനാൽ അതിന്റെ ശരിയായ പ്രകൃതത്തെ കുറിച്ചുള്ള ഗവേഷണം തടസ്സപ്പെടുന്നു.

രണ്ടാമത്തെ വീക്ഷണം, വ്യക്തിയിലെ ചിഹ്നത്തിന്റെ പ്രവർത്തനരീതി പഠിക്കുന്ന മന:ശാസ്ത്രജ്ഞന്റേതാണ്.ഏറ്റവും എളുപ്പമേറിയ പഠനരീതിയിതാണെങ്കിലും,ഇവിടെ വ്യക്തിയുടെ തലത്തിൽ നിന്നും /വ്യക്തിയുടെ തലത്തിലുള്ള നിർവ്വഹണത്തിനപ്പുറം ,സാമൂഹികമായ ' ചിഹ്നമെന്ന തലത്തിലേക്ക് എത്തിച്ചേരുന്നില്ല.

ചിഹ്നങ്ങൾ സാമൂഹികമായ വീക്ഷണത്തിലൂടെ പഠിക്കുമ്പോഴും / പഠിക്കപ്പെടുമ്പോഴും, ഭാഷയെ സാമൂഹിക സ്ഥാപനങ്ങളോട് ചേർക്കുന്ന സ്വഭാവങ്ങൾ -സ്വമേധയാലുള്ള സ്വഭാവങ്ങൾ- ഊന്നിപറയുന്നു.ആയതിനാൽ , പഠനത്തിന്റെ ഉദ്ദേശ്യം അട്ടിമറിക്കപ്പെടുകയും , സെമിയോളജിക്കൽ വ്യവസ്ഥകളും പൊതുവായ സവിശേഷതകളും ഭാഷയുടെ പ്രത്യേക ഗുണങ്ങളും അവഗണിക്കപ്പെടുകയും ചെയ്യുന്നു. ചിഹ്നത്തിന്റെ വ്യതിരിക്തമായ – എന്നാൽ ആദ്യ നോട്ടത്തിൽ ദൃശ്യമാകാത്തതുമായ– സവിശേഷതയെന്നത് അത് വ്യക്തിപരമോ സാമൂഹികമോ ആയ ഇച്ഛയ്ക്കു മുന്നിൽ ഒരിക്കലും വഴങ്ങുന്നില്ല എന്നതാണ്.

ചുരുക്കത്തിൽ, സെമിയോളജിക്കൽ ശാസ്ത്രത്തിന്റെ അനിവാര്യതയോ അതിന്റെ പ്രത്യേക മൂല്യമോ തിരിച്ചറിയപ്പെടുന്നില്ല ,കാരണം സെമിയോളജിക്കൽ വ്യവസ്ഥകളെ മറ്റെല്ലാ സ്ഥാപനങ്ങളിൽ നിന്നും വിഭിന്നമാക്കുന്ന ഗുണങ്ങൾ ഭാഷയിൽ മാത്രമാണ് തെളിഞ്ഞു നിൽക്കുന്നത്.ഈ ഗുണങ്ങളാകട്ടെ തിരെ പഠനവിധേയമാക്കാത്ത അംശങ്ങളിലാണ് പ്രത്യക്ഷമാകുന്നത്. എന്നെ സംബന്ധിച്ചിടത്തോളം ഭാഷയിടെ പഠന പ്രശനം സെമിയോളജിയിൽ അധിഷ്ഠിതമാണ്.ഭാഷയുടെ ശരിയായ പ്രകൃതം കണ്ടെത്തണം എങ്കിൽ മറ്റു സെമിയോളജിക്കൽ വ്യവസ്ഥകളിൽ നിന്നും ഭാഷയിൽ സാധാരണയായുള്ള ഘടകങ്ങൾ പഠിക്കേണ്ടതുണ്ട്. ഭാഷയെ മറ്റു വ്യവസ്ഥകളിൽ നിന്നും മാറ്റിനിർത്തുന്ന ഭാഷാപരമായ സ്വാധീനങ്ങളെ ,ആദ്യ നോട്ടത്തിൽ

പ്രാധാന്യം തോന്നിപ്പിക്കുന്നവയാണെങ്കിൽ കൂടി ,ഈ പഠനത്തിന്റെ പരിധിയിൽ രണ്ടാം തരത്തിലേക്ക് മാറ്റിനിർത്തിയിരിക്കുന്നു.ഈ പ്രക്രിയ ഭാഷാഷാസ്ത്രം മുന്നോട്ടുവയ്ക്കുന്ന പഠനപ്രശനം വ്യക്തമാക്കുക മാത്രമല്ല ചെയ്യുന്നത് .ആചാരങ്ങളും സമ്പ്രദായകങ്ങളും ചിഹ്നങ്ങൾ എന്ന നിലയിൽ പഠിക്കുന്നതിലും വസ്തുതകളുടെ മേൽ പുതിയ വെളിച്ചം ചൊരിയാനാകും എന്നു ഞാൻ വിശ്വാസിക്കുന്നു.അവയെ സെമിയോളജിയുടെ ശാസ്ത്രത്തിൽ ഉൾപ്പെടുത്തുകയും ,അതിന്റെ നിയമങ്ങളാൽ വിശദീകരിക്കുകയും ചെയ്യേണ്ടതിന്റെ അനിവാര്യത ബോദ്ധ്യപ്പെടുത്തുവാനും ഇതിലൂടെയാകും എന്ന് ഞാൻ കരുതുന്നു.

## ഒന്നാം ഭാഗത്തിൽ നിന്ന് – സാമാന്യ തത്ത്വങ്ങൾ

## പാഠം ഒന്ന് :ഭാഷാചിഹ്നത്തിന്റെ പ്രകൃതം

1. ചിഹ്നം,സൂചിതം ,സൂചകം

ഭാഷയെ അതിന്റെ ഘടകങ്ങളിലേക്കു ചുരുക്കി കഴിഞ്ഞാൽ,കേവലം ഒരു നാമകരണം പ്രക്രിയ മാത്രമായ് ചിലർ കരുതുന്നു.നാമകരണം ചെയ്യപ്പെടുന്ന ഓരോ വസ്തുവിനോടും അനുരൂപ്യം പ്രാപിക്കുന്ന പദങ്ങളുടെ ഒരു പട്ടിക.


ഈ ധാരണ വിമർശനീയമാണ് .വാക്കുകൾ ഉണ്ടാകുന്നതിനു മുൻപു തന്നെ മുൻകൂറായി ആശയങ്ങൾ രൂപപ്പെടുന്നു എന്ന ഊഹമാണിവിടെ കാണുന്നത് .വാചകമാണോ മനഷശാസ്ത്രപരമാണോ നാമത്തിന്റെ പ്രകൃതം എന്ന് ഇതിലൂടെ വ്യക്തമാകുന്നില്ല [‘ മരം’/ Arbor ഇരു വീക്ഷണങ്ങളിലൂടെയും മനസ്സിലാക്കാവുന്നതാണ്] ഒടുവിൽ, ഒരു വസ്തുവിനെയും നാമത്തെയും യോജിപ്പിക്കുകയെന്നത് ലളിതമായ ഒരു പ്രവർത്തനമാണെന്ന് ഊഹിക്കാം. ഇത് തീർത്തും തെറ്റാണെങ്കിലും. പക്ഷെ ഗ്രാഹ്യരഹിതമായ/ നിഷ്കളങ്കമായ ഈ സമീപനത്തിലൂടെ നമ്മൾ ഭാഷയുടെ ഘടകാംശം ഒരു ഇരട്ട-അസ്തിത്വമാണെന്നും,അത് രണ്ടു

പദങ്ങളുടെ ഒത്തുചേരലിൽ നിന്നുമാണ് രൂപം കൊള്ളുന്നതെന്നുമുള്ള സത്യത്തോട് അടുക്കുന്നു.

സംസാരത്തിന്റെ സർക്ക്യൂട്ടിനെ കുറിച്ചുള്ള വിചിന്തനത്തിൽ ഭാഷാചിഹനത്തിന്റെ ഇരു വശങ്ങളും മനശാസ്ത്രപരമാണെന്നും അത് തലച്ചോറിലെ ആർജ്ജിത ബന്ധനത്തിലൂടെ ഏകീകരിക്കപ്പെടുന്നു എന്നു മനസ്സിലാക്കി. ഈ അഭിപ്രായം ഒന്നുകൂടി ഊന്നി പറയേണ്ടിയിരിക്കുന്നു /വിശദീകരിക്കേണ്ടിയിരിക്കുന്നു.ഒരു വസ്തുവിനെയും നാമത്തേയുമല്ല ഒരു സങ്കല്പത്തേയും ശബ്ദബിംബത്തെയുമാണ് ഭാഷാ ചിഹ്നം ഏകീകരിക്കുന്നത് .ശബ്ദ-ബിംബം എന്നതുകൊണ്ട് ഭൗതികമായ/സ്ഥൂലമായ ശബ്ദത്തിനുപരി അതിന്റെ മനശാസ്ത്രപരമായ /മാനസികമായ അടയാലത്തേയോ അത് പഞ്ചേന്ദ്രിയങ്ങളിൽ ഉണ്ടാകുന്ന മുദ്രണത്തെയാണ് സൂചിപ്പിക്കുന്നത് .''ഭൗതികം'' എന്ന വിശേഷം ഇവിടെ ഉപയോഗിച്ചിരിക്കുന്നത് ഇന്ദ്രീയ സംബന്ധമായ ശബ്ദബിംബത്തെ ആർജ്ജിതവും അമൂർത്തവുമായ സങ്കല്പത്തിൽ നിന്നും വേർതിരിക്കുവാനായിട്ടാണ്. ശബ്ദബിംബങ്ങളുടെ മനശാസ്ത്രപരമായ സ്വഭാവം നമ്മളുടെ സംസാരം ശ്രദ്ധിച്ചാൽ തന്നെ മനസ്സിലാകും വ്യക്തമാകും.ചുണ്ടുകളോ നാവോ ചലിപ്പിക്കാതെ തന്നെ നാം നമോടു തന്നെ സംസാരിക്കുകയും ,മനസ്സിൽ തിരഞ്ഞെടുക്കപ്പെട്ട പദ്യങ്ങൾ ചൊല്ലുകയും ചെയ്യുന്നു.ഇവിടെ ഭാഷാ പദങ്ങളെ ശബ്ദബിംബങ്ങളായ് കണക്കാക്കുന്നതുകൊണ്ടു ,വാക്കുകൾ നിർമ്മിക്കുന്ന ''ഫൊനീമുകളെ'' കുറിച്ചു ചർച്ചയിവിടെ ഒഴിവാക്കാം. സംസാര ക്രിയകളെ വ്യജ്ഞിപ്പിക്കുന്ന ഈ പദം [''ഫൊനീം''] ,സംസാരത്തിലുള്ള വാക്കുകൾ പദത്തിൽ മാത്രം ബാധകമാണ്; അന്ത:സ്ഥിതങ്ങളായ ബിംബങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനായ് ഇവ സഹായകമാണ് .നാമം അടയാളപ്പെടുത്തുന്നത് ശബ്ദബിംബത്തെയാണ് എന്ന തത്ത്വം ഓർമ്മയിലുണ്ടാകും എങ്കിൽ ,മേൽ പറഞ്ഞ

രീതിയിലുള്ള തെറ്റിധാരണകൾ ഒഴിവാക്കുവാനായി വാക്കിന്റെ ശബ്ദ മെന്നും 'വ്യാക്യാംശ'മെന്നുമുള്ള പ്രയോഗങ്ങൾ ഉപയോഗിക്കാം.

താഴെ കൊടുത്തിരിക്കുന്ന ചിത്രത്തിൽ വർണ്ണിച്ചിരിക്കുന്ന ഭാഷാചിഹ്നം ഇരട്ട-വശങ്ങളുള്ള മനശാസ്ത്രപരമായ വസ്തുവാണ് :




ഓരോന്നു മറ്റേതിനെ ഓർമ്മപ്പെടുത്തും വിധം ,ഈ രണ്ടുഘടകങ്ങളും അഗാധമായി പിണഞ്ഞുകിടക്കുന്നു. "ആർബർ" എന്ന ലാറ്റിൽ പദത്തിന്റെ അർത്ഥം അന്വേഷിക്കുമ്പോൾ അല്ലെങ്കിൽ "മരം" എന്ന സങ്കൽപ്പം അടയാളപ്പെടുത്തുവാനും ലാറ്റിൻ ഭാഷയിൽ നിയോഗിച്ചിരിക്കുന്ന വാക്ക് തേടുമ്പോൾ, യാഥാർത്ഥ്യം സമീകരിക്കുന്നതായി നമ്മൾക്ക് അനുഭവപ്പെടുന്നത് ആ ഭാഷയിൽ അനുവദിക്കപ്പെട്ട ആർജ്ജനങ്ങൾ മാത്രമാണ് ,മറ്റുള്ളവരുടെ/ പുറമേ നിന്നുള്ള ഭാവനങ്ങൾ ഈ വിഷയത്തിൽ നിരാകരിക്കപ്പെടുന്നു.

ഭാഷാചിഹ്നത്തിന്റെ ഈ നിർവചനം സാങ്കേതിക ഭാഷയുടെ പരിധികളെ കുറിച്ച് സുപ്രധാനമായ ചോദ്യങ്ങളുയർത്തുന്നു. സങ്കൽപ്പത്തിന്റെയും ശബ്ദബിംബ ത്തിന്റെയും ഒത്തുചേരലിലെയാണ് ഞാൻ 'ചിഹ്നം' [Sign] എന്ന് വിളിക്കുന്നത്. നിലവിലെ പ്രയോഗത്തിൽ ചിഹ്നം എന്ന പദം ശബ്ദബിംബത്തെ അല്ലെങ്കിൽ വാക്കിനെ അടയാളപ്പെടുത്തുന്നു. ഉദാഹരണത്തിന് "ആർബർ" എന്ന പദം പരിശോധിക്കാം ."ആർബർ" ചിഹ്നമാണെന്നു വിശേഷിപ്പിക്കുന്നത് അതിനുള്ളിൽ "മരം" എന്ന സങ്കൽപ്പം ഉൾക്കൊണ്ടിരിക്കുന്നതു കൊണ്ടാണ്. ഇന്ദ്രീയ സംബന്ധമായ വശംമൊത്തമായ [വശത്തെ]ആശയത്തെ ധ്വനിപ്പിക്കുന്നു.

“മരം”

arbor

ഈ മൂന്ന് ആശയങ്ങളും വ്യത്യസ്തമായതും ,അന്യോന്യ വ്യഞ്ജിപ്പിക്കുകയും എതിർക്കുകയും ചെയ്യുന്നതായതുമായ പദങ്ങളാൽ നിർവചിക്കുകയാണെങ്കിൽ ഈ അവ്യക്തത നീങ്ങിക്കിട്ടും.മൊത്തത്തെ നിർവചിക്കുവാൻ ‘ചിഹ്ന’മെന്ന വാക്കും ,സങ്കല്പത്തെ നിർവചിക്കുവാൻ ‘സൂചികം’ എന്ന വാക്കും ശബ്ദബിംബത്തെ നിർവചിക്കുവാൻ ‘സൂചകം’ എന്ന വാക്കും ഉപയോഗിക്കാം എന്നു ഞാൻ സമർത്ഥിക്കുന്നു.’സൂചിതം’ ‘സൂചകം’ എന്നീ പദങ്ങൾക്ക് അവ അംശമാകുന്ന/ഭാഗമാകുന്ന മൊത്തത്തിൽ നിന്നുമുള്ള വേർതിരിവും, അന്യോന്യമുള്ള വ്യത്യസ്തതയും അടയാളപ്പെടുത്തുവാനുള്ള കെൽപ്പുണ്ട് എന്നതാണ്/ എന്നതുകൊണ്ടാണ് മുൻഗണനയേറുന്നത്.മറ്റു പദങ്ങളുടെ അഭാവം/ കൊണ്ട് അഭാവത്തിൽ മാത്രമാണ് ‘ചിഹ്ന’മെന്ന പദത്തിൽ ഞാൻ തൃപ്തനാകുന്നത് ഇതിനു പകരം വയ്ക്കുവാൻ പൊതുവായ ഭാഷയിൽ വേറെ പദങ്ങളില്ല എന്നു താനും

അനാദിയായ/മുഖ്യമായ രണ്ടു സവിശേഷതകളുണ്ട് ഭാഷ ചിഹ്നത്തിന്; ഇവയിലൂടെ ഞാൻ പ്രഖ്യാപിക്കുന്നത് ഈ പഠനത്തിനു സമാനമായ ഏതൊരു പഠനത്തിന്റെയും അടിസ്ഥാന തത്ത്വങ്ങളെയാണ് .

തത്ത്വം 1 : ചിഹ്നത്തിന്റെ ഏകപക്ഷീയമായ പ്രകൃതം സൂചികവും സൂചിതവും തമ്മിലുള്ള ബന്ധം ഏകപക്ഷീയമാണ്. മേൽപറഞ്ഞ രണ്ടു ഘടകങ്ങളും ഒത്തുചേർന്നു രൂപപ്പെടുന്ന മൊത്തത്തെയാണ് ‘ചിഹ്നം’ എന്നതു കൊണ്ട് ഞാൻ അർത്ഥമാക്കുന്നത് .അതിനാൽ തന്നെ ,ഭാഷാ ചിഹ്നം ഏകപക്ഷീയമാണെന്നു പറയുവാനാകും.

“സഹോദരി” എന്ന സങ്കല്പത്തിന് ഫ്രെഞ്ച് ഭാഷയിൽ സൂചകമായ് പ്രവർത്തിക്കുന്ന “s-o-r” എന്ന അക്ഷരങ്ങളുടെ

ക്രമവുമായി യാതൊരു ആന്തരികമായ ബന്ധവുമില്ല ; ഇതേ സങ്കല്പം വേറെ ഏതു അക്ഷരങ്ങളുടെ ക്രമത്താലും സൂചിപ്പിക്കാനാകും എന്നതിനു തെളിവാണ് ഭാഷകൾ തമ്മിലുള്ള വ്യത്യാസങ്ങളും വ്യത്യസ്തമായ ഭാഷകളുടെ നിലനിൽപ്പും : "ox" [കാള]എന്ന സൂചിതത്തിന് ഒരു വശത്ത് [ഫ്രെഞ്ച്] "b-a-u-t എന്നും അതിർത്തിക്ക് അപ്പുറത്ത് [ജർമ്മൻ] "o-k-s" എന്നും സൂചകങ്ങളുണ്ട്.

ചിഹ്നം ഏകപക്ഷീയമാണെന്ന തത്ത്വത്തിനെതിരെ വാദങ്ങളില്ല .എങ്കിലും ,ഈ [പ്രകാശനം] സത്യം ] വെളിപാട്] അർഹിക്കുന്ന സ്ഥാനം കൽപ്പിക്കുകയെന്നത് പ്രയാസമേറിയ കാര്യമാണ് .എല്ലാ ഭാഷകളുടെ ശാസ്ത്രങ്ങളിലും [ഇവിടെ പ്രകാശിപ്പിച്ചിരിക്കുന്ന] ഒന്നാം തത്ത്വം മുന്നിട്ടു നിൽക്കുന്നു ,സ്വാധീനം ചെലുത്തുന്നു.ഇതിന്റെ അനന്തരഫലങ്ങൾ എണ്ണമറ്റതാണ്. ഇവയെല്ലാം ഒരു പോലെ ഒറ്റനോട്ടത്തിൽ സ്പഷ്ടമല്ലെങ്കിലും,അനവധി വഴിമാറിപ്പോകലുകളിലൂടെ [detours] മാത്രമേ ഇവ വ്യക്തമാകുകയുള്ളൂ.അവപ്രത്യക്ഷമാകുന്നതിലൂടെ കൂടി ,ഒന്നാമത്തെ തത്ത്വത്തിന്റെ അനാദിയായ പ്രാധാന്യവും ഗ്രഹിക്കുവാനാകും.

ഒന്നു കൂടി പറഞ്ഞു കൊള്ളട്ടെ : സെമിയോളജി ഒരു ശാസ്ത്രമായി അംഗീകരിച്ചു കഴിയുമ്പോൾ ,മൂകാഭിനയം പോലെ തികച്ചും സ്വാഭാവികമായ ചിഹ്നങ്ങൾ ഉപയോഗിക്കും എന്ന ആശയപ്രകാശന രീതികൾ സെമിയോളജിയിൽ ഉൾപ്പെടുത്തുവാൻ കഴിയുമോ എന്ന ചോദ്യമുയരും . ആ പുതിയ ശാസ്ത്രത്തിൽ അവ സ്വീകാര്യമായിയെന്നാലും ,ആ ശാസ്ത്രത്തിന്റെ പഠനവിഷയം ഏകപക്ഷീയതയിൽ അധിഷ്ഠിതമായ ചിഹ്ന-വ്യവസ്ഥകളുടെ ഗണം തന്നെയായിരിക്കും .സത്യത്തിൽ ,സമൂഹത്തിൽ ഉപയോഗിച്ചിവരുന്ന എല്ലാ ആശയപ്രകടനരീതികളും പൊതുവേയുള്ള പെരുമാറ്റചട്ടങ്ങളേയും ആചാരങ്ങളേയും അവലംബിക്കുന്നു.സഭ്യതയുടെ നിയമങ്ങൾ വ്യഞ്ജകത്വം നിറഞ്ഞവയാണെങ്കിലും ,അവ തീർച്ചപ്പെടുത്തിയിരിക്കുന്നത്/ ഉറപ്പിച്ചിരിക്കുന്നത് സാമൂഹിക മുറകളായാണ്. [ഉദാഹരണത്തിന് :

ചക്രവർത്തിയോടുള്ള ബഹുമാന സൂചകമായ് ഒൻപതു തവണ വണങ്ങുന്ന ചൈനീസ് പ്രജ ,പൗരൻ] . ഈ സാമൂഹിക മുറകളുടെ സ്വാധീനമാണ് ഒരുവനെ സഭ്യതയുടെ ആംഗ്യങ്ങൾ ഉപയോഗിക്കുവാൻ കടമപ്പെടുത്തുന്നത് ,മറിച്ച് അവയിലെ ആന്തരികമായ മൂല്യമല്ല.

മറ്റു ചിഹ്നങ്ങളെ അപേക്ഷിച്ച തീർത്തു ഏകപക്ഷീയമായ ചിഹ്നങ്ങളാണ് സെമിയോളജിയുടെ നടപടിക്രമങ്ങളെ/ക്രമത്തെ മെച്ചപ്പെട്ട രീതിയിൽ സാക്ഷാത്കരിക്കുന്നത്.ഇതു കൊണ്ടു തന്നെ ആശയപ്രകാശന വ്യവസ്ഥിതികളിൽ ഏറ്റവും സങ്കീർണവും സാർവ്വത്രികവുമായ ഭാഷ ഏറ്റവും സവിശേഷവും ആകുന്നത്.ഭാഷ സെമിയോളജിയുടെ ഒരു ശാഖ മാത്രമാണെങ്കിലും , ഭാഷാശാസ്ത്രത്തിന് സെമിയോളജിയുടെ എല്ലാ ശാഖകൾക്കും ഉപരിയായ ഒരു മാതൃകയാകുവാൻ കഴിയും.

ഭാഷാ ചിഹ്നത്തെയോ അല്ലെങ്കിൽ സൂചകത്തെയോ പ്രതിനിധാനം ചെയ്യുവാൻ പ്രതീകം എന്ന പദം ഉപയോഗിച്ചുവരുന്നു .ഈ പദത്തിന്റെ ഉപയോഗം ഒന്നാമത്തെ തത്ത്വത്തിന്റെ സത്തയ്ക്ക് എതിരായ് ഭാവിക്കുന്നു /ഒന്നാമത്തെ തത്ത്വത്തിന് എതിരായ് ഭവിക്കുന്നു .പ്രതീകത്തിന്റെ ഒരു സവിശേഷത അതൊരിക്കലും പൂർണ്ണമായും ഏകപക്ഷീയമല്ല എന്നതാണ് .സൂചകവും സൂചിതവും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനമായ പ്രതീകം ഒരിക്കലും നിരർത്ഥമല്ല /ശൂന്യമല്ല .ന്യായത്തിന്റെ പ്രതീകമായി കണ്ടുവരുന്ന തുലാത്തട്ടുകൾക്കു പകരം മറ്റൊരു പ്രതീകം സ്ഥാപിക്കുവാൻ കഴിയില്ല –രഥം e.g

‘ ഏകപക്ഷീയം എന്ന പദപ്രയേഗത്തെ കുറിച്ചും ഇവിടെ കൂടുതൽ വിവരിക്കേണ്ടിയിരിക്കുന്നു. സംസാരിക്കുന്ന വ്യക്തിക്ക് സൂചകം തിരഞ്ഞെടുക്കുന്നതിൽ പൂർണ്ണമായ സ്വാതന്ത്ര്യമുണ്ട് എന്നതല്ല ഈ വാക്കുകൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത് .നേരെ മറിച്ച് ,ഒരു ചിഹ്നത്തെ ഭാഷാസമൂഹത്തിൽ അംഗീകരിച്ചു കഴിഞ്ഞാൽ അതിനെ ഒരു രീതിയിലും മാറ്റുവാനുള്ള സ്വാധീനം വ്യക്തിക്കില്ല എന്നതാണ് നമ്മൾ താഴോട്ടുള്ള ചർച്ചകളിൽ കാണുവാൻ

പോകുന്നത് .സൂചിതവുമായ് യാതൊരു ബന്ധവുമില്ലാത്ത സൂചകത്തിന്റെ തിരഞ്ഞെടുക്കൽ അപ്രേരിതവും ,അതിനാൽ ഏകപക്ഷീയവുമാണെന്ന് ഞാൻ സമർത്ഥിക്കുന്നു.

ഇനി ,ഒന്നാമത്തെ തത്ത്വത്തിനെതിരായി ഉയർന്നു വന്നേക്കാവുന്ന രണ്ട് വാദങ്ങൾ ചർച്ച ചെയ്തുകൊണ്ട് ഉപസംഹരിക്കാം:

1.ധ്വന്യാനുകരണം [onomatopoeia] തെളിവായ്കാട്ടിയാണ് സൂചകം തിരഞ്ഞെടുക്കുന്ന പ്രക്രിയ എപ്പോഴും ഏകപക്ഷീയമല്ല എന്ന് സ്ഥാപിക്കുവാൻ ശ്രമിക്കുന്നത് .എന്നാൽ ധ്വന്യാനുകരണ രൂപഘടനകൾ ഒരിക്കലും ഭാഷാ വ്യവസ്ഥിതിയുടെ സ്വാഭാവിക അംശങ്ങളല്ല അംശങ്ങളാകുന്നില്ല.മാത്രവുമല്ല ഇത്തരത്തിലുള്ള പദങ്ങളുടെ എണ്ണം പൊതുവേ കരുതുന്നതിലും കുറവുമാണ്. ഫ്രെഞ്ച് പദങ്ങളായ 'fouet' [" അടിക്കുക"] അടിക്കുക അല്ലെങ്കിൽ 'glas' എന്നിവയ്ക്ക് ഒരു പ്രത്യേക മുഴക്കം അനുഭവപ്പെട്ടു എന്നിരിക്കാം.പക്ഷെ അവ എക്കാലത്തും ധ്വന്യാനുകരണ പദങ്ങൾ ആയിരുന്നില്ല.എന്നത് അവയുടെ ലാറ്റിൻ പേരുകൾ പരിശേധിച്ചാൽ വ്യക്തമാകും . ഈ പദങ്ങൾ വർത്തമാനകാല ശബ്ദങ്ങൾ അല്ലെങ്കിൽ അവയിൽ ആരോപിച്ചുവരുന്ന ലക്ഷണങ്ങൾ ഫൊനറ്റിക്കായുള്ള / ശബ്ദപരമായ പരിണാമത്തിന്റെ ഫലമാണ്. എണ്ണത്തിൽ അപ്രസക്തമായതും ആധികാരികവുമായ ശബ്ദാനുകരണ പദങ്ങളാകട്ടെ ഏകപക്ഷീയമായി തന്നെ തിരഞ്ഞെടുക്കപ്പെട്ടവയാണ്.അവ ചില ശബ്ദങ്ങളുടെ വ്യവസ്ഥാനുരൂപവും ഉദ്ദേശരൂപവുമായ അനുകരണങ്ങളാണ് (cf.ഇംഗ്ലീഷെ "bow-wow") കൂടാതെ ഭാഷയിലേക്കു പരിചയപ്പെടുത്തുവാൻകഴിഞ്ഞാൽ പിന്നെ മറ്റു വാക്കുകൾ കടന്നു പോകുന്ന ഫൊനെറ്റിക്-മോർഫോളജിക്കൽ പരിണാമത്തിലൂടെ ഈ വാക്കുകളും കടന്നു പോകുന്നു ..........എന്ന വർഗർ ലാറ്റിൻ പദത്തിൽ നിന്നും ധ്വന്യാനുകരണം വഴിയാണ് pigeon എന്ന പദം ലഭിച്ചിരിക്കുന്നത്. ഇത്തരത്തിലുള്ള വാക്കുകൾ ഭാഷാ ചിഹ്നത്തിന്റെ സ്വഭാവം ഏറ്റെടുക്കുന്നതിനായ് സ്വന്തം മൗലികമായ സ്വഭാവം മാറ്റിവയ്ക്കുന്നു/ഒഴിച്ചു നിർത്തുന്നു എന്നതിന് തെളിവാണിത്

2. ധ്വന്യാനുകരണ പദങ്ങളോട് അടുപ്പമുള്ള ആശ്ചര്യശബ്ദങ്ങളും (Interjections) ഇതേ എതിർവാദങ്ങൾ ഉയർത്തികാട്ടുവാനും ഉപയോഗിക്കുന്നു. എന്നാൽ ഇവയ്ക്കും നമ്മുടെ തത്ത്വത്തെ നിഷേധിക്കുവാനാകില്ല. സ്വാഭാവികമായ ശക്തികൾ നൈസർഗീയമായി യാഥാർത്ഥ്യത്തെ കുറിക്കുന്ന ആശയ പ്രകടനമാണ് ഇത്തരത്തിലുള്ള വാക്കുകളിലൂടെ ദൃശ്യമാകുന്നത്. മിക്ക ആശ്ചര്യശബ്ദങ്ങളുടെ കാര്യത്തിലും സൂചിതവും സൂചകവും തമ്മിൽ ബന്ധമില്ല. ആശ്ചര്യത്തിന്റെ ആവിഷ്കരണങ്ങൾ ഓരോ ഭാഷകളിലും എത്രത്തോളം വ്യത്യസ്തമാണ് എന്നറിയാൻ രണ്ടു ഭാഷകൾ തമ്മിൽ താരതമ്യപ്പെടുത്തിയാൽ മാത്രം മതിയാകും.(eg:- ഫ്രെഞ്ച് ഭാഷയിലെ "aie"-യോട് ചേർന്നിരിക്കുന്ന ഇംഗ്ലീഷ് പദം ണ്).പല ആശ്ചര്യശബ്ദങ്ങളും ഒരിക്കൽ പ്രത്യേക അർത്ഥങ്ങളുള്ള വാക്കുകളായിരിന്നു എന്നും നമ്മൾക്കറിയാം.(c.f.'diable' 'daml' 'mordven' 'golly' എന്നിവ mort dieu വിൽ നിന്നും).

ധ്വന്യാനുകരണ പദങ്ങളും ആശ്ചര്യശബ്ദങ്ങളും അപ്രധാനമാണ്, അവയുടെ പ്രതീകാത്മകമായ ഉത്ഭവം അവ്യക്തവുമാണ്.